# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ,
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-33.
തീയതി:14/08/2017.

നമ്പർ: സി1/5071/17

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഗവ.ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- 2017 വർഷത്തിലെ എസ്.സി.വി.ടി.,ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി, അപേക്ഷ സ്വീകരിക്കുന്ന തീയതി എന്നിവ ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്:

സൂചന:- വിവിധ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

***************

സംസ്ഥാനത്തെ ഗവ.ഐ.ടി.ഐകളിൽ 2017 വർഷത്തിൽ ആരംഭിക്കുന്ന എസ്.സി.വി.ടി., ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി 31.08.2017 വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. ആയതിനാൽ ടി ട്രേഡുകളിലേക്കുള്ള പ്രവേശനത്തിന് നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ അഡ്മിഷൻ നടത്തിയശേഷവും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ടി ഐ.ടി.ഐകളിൽ മാത്രം 16.08.2017 മുതൽ 26.08.2017 വരെ വീണ്ടും അപേക്ഷകൾ സ്വീകരിക്കാവുന്നതും 31.08.2017 നകം അഡ്മിഷൻ നടപടികൾ അവസാനിപ്പിക്കേണ്ടതുമാണ്.

ഇപ്രകാരം അപേക്ഷകൾ വീണ്ടും സ്വീകരിക്കുകയാണെങ്കിൽ ടി വിവരങ്ങൾ അതാത് സമയം ഈ കാര്യത്തിൽ അറിയിക്കേണ്ടതും ഒപ്പം ആകെ ലഭിച്ച അപേക്ഷകളുടെ പുതുക്കിയ വിവരങ്ങൾ dettraining@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ മുഖേന അറിയിക്കേണ്ടതുമാണ്.

എസ്.സി.വി.ടി ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി 31.08.2017 ആയി ദീർഘിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ എസ്.സി./എസ്.റ്റി സീറ്റുകളിലേക്ക് ജനറൽ വിഭാഗത്തിലെ ട്രെയിനികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയിരുന്ന 07.08.2017 ലെ സി1/22356/2017 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ എസ്.സി.വി.ടി ട്രേഡുകളിൽ സ്വീകരിക്കുന്നതിന് അഡ്മിഷൻ ക്ലോസിംഗ് തീയതി 31.08.2017 ആയി പരിഗണിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

ആർ.വി 10.8.17